പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2713

17.10.2016-ൽ മറുപടിയ്ക്ക്.

## സ്കൂൾ കുട്ടികൾ ബൈക്കുകൾ ഓടിക്കുന്നതിനെതിരെ ബോധവൽക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. യു.ആർ. പ്രദീപ് | | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് യു.പി , ഹൈസ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികൾ വലിയതോതിൽ മോട്ടോർ സൈക്കിൾ ഓടിക്കുന്നതിലേക്ക് ആകർഷിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | രക്ഷിതാക്കൾ അറിയാതെയും, സുഹൃത്തുക്കൾ വഴിയും ലഭിക്കുന്ന മോട്ടോർസൈക്കിളുകളിൽ പലതും അപകടത്തിൽപ്പെടുന്നതുമൂലം മാരകമായ പരിക്കും, മരണവും ഒക്കെ ഉണ്ടാകുന്നത് കണക്കിലെടുത്ത്, സ്കൂളുകൾ കേന്ദ്രീകരിച്ച് മോട്ടോർ വാഹന വകുപ്പ്, പോലീസ്, യുവജന സംഘടനകൾ, സ്കൂൾ P.T.A. എന്നിവയുടെ സഹകരണത്തോടെ സ്കൂൾ കുട്ടികൾക്ക് ബോധവൽക്കരണം നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ ; വിശദാംശം നൽകുമോ ? | (ബി) | സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തുന്ന ബോധവൽക്കരണ ക്ലാസുകളിലും ട്രാഫിക് ക്ലാസുകളിലും ഇത് സംബന്ധിച്ച വിവരങ്ങൾ കുട്ടികൾക്ക് നൽകി വരുന്നുണ്ട്. കൂടാതെ, സ്കൂളുകൾ കേന്ദ്രീകരിച്ച് മോട്ടോർ വാഹന വകുപ്പ്, സ്കൂൾ പി.ടി.എ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവരുടെ സഹകരണത്തോടെ പോലീസിന്റെ നേതൃത്വത്തിൽ ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ